**10. ഏതെങ്കിലും നോട്ടറിയൽ പ്രവൃത്തി ചെയ്യുന്നതിന് ഒരു നോട്ടറിക്ക് നൽകേണ്ട ഫീസ്.-** (1) ഓരോ നോട്ടറിയ്ക്കും താഴെ പറഞ്ഞിരിക്കുന്ന നിരക്കുകളിൽ കവിയാത്ത ഫീസ് ചുമത്താവുന്നതാണ്, അതായത്:-

| | | |
|---|---|---|
| (എ) | ഒരു പ്രമാണം നോട്ടുചെയ്യലിന് | |
| | പ്രമാണത്തിലെ തുക 10,000 രൂപയിൽ കവിയുന്നില്ലെങ്കിൽ | - ₹ 50 |
| | അത് 10,000 രൂപയിൽ കവിയുകയും എന്നാൽ 25,000 രൂപയിൽ കവിയാതെയുമാണെങ്കിൽ | - ₹ 100 |
| | അത് 25,000 രൂപയിൽ കവിയുകയും എന്നാൽ 50,000 രൂപയിൽ കവിയാതെയുമാണെങ്കിൽ | - ₹ 150 |
| | അത് 50,000 രൂപയിൽ കവിയുകയാണെങ്കിൽ | - ₹ 200 |
| (ബി) | ഒരു പ്രമാണം പ്രൊട്ടെസ്റ്റുചെയ്യുന്നതിന് | |
| | പ്രമാണത്തിലെ തുക 10,000 രൂപയിൽ കവിയുന്നില്ലെങ്കിൽ | - ₹ 50 |
| | അത് 10,000 രൂപയിൽ കവിയുകയും എന്നാൽ 25,000 രൂപയിൽ കവിയാതെയുമാണെങ്കിൽ | - ₹ 100 |
| | അത് 25,000 രൂപയിൽ കവിയുകയും എന്നാൽ 1,00,000 രൂപയിൽ കവിയാതെയുമാണെങ്കിൽ | - ₹ 150 |
| | അത് 1,00,000 രൂപയിൽ കവിയുകയാണെങ്കിൽ | - ₹ 200 |
| (സി) | ആദരാണാർത്ഥം പണം കൊടുക്കലിന്റെ ഒരു പ്രഖ്യാപനം രേഖപ്പെടുത്തുന്നതിന് | - ₹ 100 |
| (ഡി) | ഡ്യൂപ്ലിക്കേറ്റ് പ്രൊട്ടസ്റ്റുകൾക്ക് | - അസ്സലിന്റെ പകുതി ചാർജ്ജ് |
| (ഇ) | ഏതെങ്കിലും പ്രമാണത്തിന്റെ ഒപ്പിട്ടു പൂർത്തികരിക്കൽ സത്യബോധപ്പെടുത്തലിനോ പ്രമാണീകരിക്കലിനോ സർട്ടിഫൈ ചെയ്യലിനോ സാക്ഷ്യപ്പെടുത്തലിനോ | - ₹ 35 |
| (എഫ്) | ഏതെങ്കിലും പ്രോമിസ്സറി നോട്ടോ, ഹുണ്ടിയോ, വിനിമയ പത്രമോ പ്രതിഗ്രഹണത്തിനായോ പണം കിട്ടുന്നതിനുവേണ്ടിയോ മെച്ചപ്പെട്ട ഈട് ആവശ്യപ്പെടുന്നതിനുവേണ്ടിയോ പ്രസന്റ് ചെയ്യലിന് | - ₹ 50 |
| (ജി) | ഏതെങ്കിലും ആളിനെ ശപഥം ചെയ്യിക്കുന്നതിനോ ഏതെങ്കിലും ആളിൽ നിന്നും സത്യവാങ്മൂലം സ്വീകരിക്കുന്നതിനോ | - ₹ 35 |
| (എച്ച്) | ഇന്ത്യക്ക് പുറത്തുള്ള ഏതെങ്കിലും രാജ്യത്തോ സ്ഥലത്തോ ഫലത്തിൽ വരാനുദ്ദേശിക്കപ്പെടുന്ന ഒരു പ്രമാണം അങ്ങനെയുള്ള കരണം പ്രവർത്തിക്കാൻ ഉദ്ദേശിക്കപ്പെടുന്ന സ്ഥലത്തെ നിയമത്തിന് അനുരൂപമാകാവുന്ന അങ്ങനെയുള്ള രൂപത്തിലും ഭാഷയിലും തയ്യാറാക്കുന്നതിന് | - ₹ 200 |
| (ഐ) | ഇന്ത്യക്ക് പുറത്തുള്ള ഏതെങ്കിലും രാജ്യത്തോ സ്ഥലത്തോ ഒരു പ്രമാണം ഫലത്തിൽ വരുന്നതിന് അങ്ങനെയുള്ള കരണം പ്രവർത്തിക്കാൻ ഉദ്ദേശിക്കപ്പെടുന്ന സ്ഥലത്തെ നിയമത്തിന് അനുരൂപമായ അങ്ങനെയുള്ള രൂപത്തിലും ഭാഷയിലും സാക്ഷ്യപ്പെടുത്തുന്നതിനോ പ്രമാണീകരിക്കുന്നതിനോ | - ₹ 200 |

| | | |
|---|---|---|
| (ജെ) | ഏതെങ്കിലും രേഖ ഒരു ഭാഷയിൽ നിന്നും മറ്റൊന്നിലേക്കു പരിഭാഷപ്പെടുത്തിന്നതിനും ഏതെങ്കിലും രേഖയുടെ ഒരു ഭാഷയിൽ നിന്നും മറ്റൊന്നിലേക്കുള്ള പരിഭാഷ സത്യബോധപ്പെടുത്തുന്നതിനും | - ₹ 100 |
| (കെ) | കപ്പലിന്റെ പ്രൊട്ടെസ്റ്റ്, ബോട്ട് പ്രാട്ടെസ്റ്റ്, ഡെമറേജും മറ്റു വാണിജ്യ കാര്യങ്ങളുമായും ബന്ധപ്പെട്ട പ്രൊട്ടെസ്റ്റ് എന്നിവ നോട്ടു ചെയ്യുന്നതിനും തയ്യാറാക്കുന്നതിനും | - ₹ 200 |
| (എൽ) | രേഖകളുടെ പകർപ്പുകൾ അസ്സലിന്റെ ശരി പകർപ്പുകളാണെന്ന് സർട്ടിഫൈ ചെയ്യുന്നതിന് | - പേജ് ഒന്നിന് ₹10<br>കുറഞ്ഞത് ₹20 |
| (എം) | മറ്റേതെങ്കിലും നോട്ടറിയൽ പ്രവൃത്തിക്ക് | - അതതു സമയം സമുചിത സർക്കാർ നിശ്ചയിക്കുന്ന പ്രകാരമുള്ള അങ്ങനെയുള്ള തുക |

(2) ഒരു നോട്ടറിക്കു ചുമത്താവുന്ന ഫീസിന്റെ നിരക്കുകൾ അദ്ദേഹത്തിന്റെ മുറിയുടെയോ ഓഫീസിന്റെയോ അകത്തും പുറത്തും ശ്രദ്ധയാകർഷിക്കത്തക്ക സ്ഥലത്ത് അദ്ദേഹം പ്രദർശിപ്പിക്കേണ്ടതാണ്.

(3) മേൽപ്പറഞ്ഞ ഫീസിനു പുറമേ, ഒരു നോട്ടറിക്ക് റോഡ് മാർഗ്ഗമോ റെയിൽ മാർഗ്ഗമോ കിലോമീറ്ററിന് ഇരുപത് രൂപാ നിരക്കിൽ യാത്രാബത്ത ചുമത്താവുന്നതാണ്.